(സി) കണ്ണൂർ ജില്ലയിൽ എത്ര അലോപ്പതി, ആയുർവേദ, ഹോമിയോ ഡോക്ടർമാരെയാണ് ഈ സർക്കാർ പുതിയതായി നിയമിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം 151 ആയുർവേദ ഡിസ്പെൻസറികളും 12 യുനാനി ഡിസ്പെൻസറികളും 276 ഹോമിയോ ഡിസ്പെൻസറികളും എൻ.ആർ.എച്ച്.എം. മുഖേന താൽക്കാലികമായി അനുവദിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിന്റെ കിഴിലുള്ള വിവിധ വകുപ്പുകളിൽ പി.എസ്.സി. മുഖേന നടത്തിയ ഡോക്ടർമാരുടെ നിയമനം ചുവടെ ചേർക്കുന്നു.

അലോപ്പതി - 2719 അസിസ്റ്റന്റ് സർജൻ

ഹോമിയോപ്പതി - 133 ഡോക്ടർമാർ

ഭാരതീയ ചികിത്സാ വകുപ്പ് - 352 മെഡിക്കൽ ഓഫീസർമാർ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - 1 ഡോക്ടർ

(സി) കണ്ണൂർ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പി.എസ്.സി. മുഖേന 198 അസിസ്റ്റന്റ് സർജൻമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ 25 ഹോമിയോ ഡോക്ടർമാരുടേയും, ഭാരതീയ ചികിത്സാ വകുപ്പിൽ 84 മെഡിക്കൽ ഓഫീസർമാരുടെയും കണ്ണൂർ ഗവ. ആയുർവ്വേദ കോളേജിൽ ഒരു നിയമനവും പി.എസ്.സി. മുഖേന നടന്നിട്ടുണ്ട്.

മഞ്ഞള്ളൂർ പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി

69 (4946) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മണ്ഡലത്തിലെ മഞ്ഞള്ളൂർ പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly